File No.SJD-C1/302/2020-SJD

E-90200

വിവരാവകാശ നിയമം

Reg post (A/D)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. സാനീവ- സി1/302/2020-സാനീവ

സാമൂഹ്യനീതി (സി) വകുപ്പ്,
തിരുവനന്തപുരം,
തീയതി. 18/12/2020

പ്രേഷകൻ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അണ്ടർ സെക്രട്ടറി

സ്വീകർത്താവ്,

ശ്രീ. ഷാജി. വി.ജി,
C/o സുരേഷ് , മുല്ലേഴത്ത് ഹൗസ്,
വാട്ടർ ലാന്റ് റോഡ്,
പള്ളുരുത്തി, എറണാകുളം
കൊച്ചി - 682006

സർ,

വിഷയം: **സാനീവ- വിവരാവകാശ നിയമം 2005- വിവരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്**

സൂചന: 11.12.2020 തീയതിയായി ഈ വകുപ്പിൽ ലഭിച്ച താങ്കളുടെ 08.12.2020 ലെ വിവരാവകാശ അപേക്ഷ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. അതിൽ ആവശ്യപ്പെട്ട വിവരം ഈ പൊതുഅധികാരിയുടെ പക്കൽ ലഭ്യമല്ല. പ്രസ്തുത വിവരം ലഭ്യമാക്കുന്നതിനായി താങ്കളുടെ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 2005 ന്റെ സെക്ഷൻ 6(3) പ്രകാരം സാമൂഹ്യനീതി ഡയറക്ടേറ്റിലെയും ഓർഫനേജ് കൺട്രോൾ ബോർഡിലെയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് കൈമാറി നൽകിയിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കുന്നു.

**<u>അപ്പീൽ അധികാരി</u>**

അപ്പീലധികാരി & അഡീഷണൽ സെക്രട്ടറി,
സാമൂഹ്യനീതി വകുപ്പ്,ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം,
ഫോൺ : 0471-2518373

RTI

21/12

വിശ്വസ്തതയോടെ,

SARADA DEVI.U
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അണ്ടർ സെക്രട്ടറി
ഫോൺ നമ്പർ 0471-2518098

Cr sec 22/12/2020

PTO

RL 650060564 IN



## 2005-ലെ വിവരവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷ.

പ്രേക്ഷിതൻ

ഷാജി.വി.ജി.
C/o. സുരേഷ്, മുല്ലേഴത്ത് ഹൗസ്,
വാട്ടർ ലാന്റ് റോഡ്,
പള്ളുരുത്തി, എറണാകുളം,
കൊച്ചി-682006.

COURT FEE Rs.10 भारत INDIA दस रुपये TEN RUPEES

സ്വീകർത്താവ്

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്,
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

DEC 2020

സർ/മാഡം,

വിഷയം : **സാമൂഹ്യനീതി വകുപ്പിൽ നിന്നും ഗ്രാന്റ് നൽകുന്ന എറണാകുളം ജില്ലയിലെ കൂവപ്പടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബത്‌ലഹേം അഭയഭവൻ - സംബന്ധിച്ച ചോദ്യങ്ങൾ വിവരം നൽകൽ സംബന്ധിച്ച്.**

ചോദ്യം 1. ബദ്‌ലഹേം അഭയഭവൻ ഏത് വർഷം മുതലാണ് സാമൂഹ്യനീതി വകുപ്പിൽ നിന്നും വിവിധ പദ്ധതികളിൽ ഗ്രാന്റ് നൽകി തുടങ്ങിയത്?

ചോദ്യം 2. പ്രസ്തുത സ്ഥാപനത്തിന് വിദേശപണം സ്വീകരിക്കാൻ പ്രസ്തുത വകുപ്പിന്റെ ലൈസൻസ് ഉണ്ടോ? എങ്കിൽ ഏതുവർഷം മുതലാണ് ലൈസൻസ് ലഭിച്ചത് ? FCRA ലൈസൻസ് പകർപ്പ് അനുവദിക്കുക.

ചോദ്യം 3. ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിൽ 2010 ജനുവരി 1 മുതൽ 2020 നവംബർ 30 വരെയുള്ള കാലയളവിൽ എത്ര തുക വിദേശ സഹായം പ്രസ്തുത സ്ഥാപനത്തിന്റെ വിവിധ ധനകാര്യ സ്ഥാപനങ്ങളിലെ അക്കൗണ്ടുകളിൽ നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്?

ചോദ്യം 4. ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനം തുടങ്ങിയത് മുതൽ 2020 നവംബർ 30 വരെ വ്യക്തികളിൽ നിന്നും, മറ്റ് സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി മാത്രം എത്ര തുക പണമായി സ്വീകരിച്ചിട്ടുണ്ട്?

ചോദ്യം 5. ബത്‌ലഹേം അഭയഭവൻ പ്രവർത്തിക്കുന്നത് സ്വന്തമായ കെട്ടിടത്തിൽ ആണോ? ആണെങ്കിൽ പ്രസ്തുത കെട്ടിടം നിർമിക്കപ്പെട്ട സ്ഥലത്തിന്റെ ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ചോദ്യം 6. ബത്‌ലഹേം അഭയഭവൻ ചാരിറ്റബിൾ സ്ഥാപനത്തിന് കേരളത്തിൽ മറ്റ് ഏതെങ്കിലും ജില്ലയിൽ സ്വന്തമായി സ്ഥലമോ, കെട്ടിടമോ, മറ്റ് വസ്തുവകകളോ ഉണ്ടോ? എങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാമോ?

ചോദ്യം 7. ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിന് കേരളത്തിൽ ഏതെല്ലാം ധനകാര്യസ്ഥാപനങ്ങളിൽ ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്? സ്ഥാപനങ്ങളുടെ വിശദ വിവരവും അക്കൗണ്ട് നമ്പറുകളും ലഭ്യമാക്കുക.

ചോദ്യം 8. സാമൂഹ്യനീതി വകുപ്പിൽ നിന്നും പ്രസ്തുത സ്ഥാപനത്തിന്റെ സ്ഥാപനം തുടങ്ങിയനാൾ മുതൽ, 2020 നവംബർ 30 വരെ ഏതെല്ലാം ഇനങ്ങളിൽ (പദ്ധതികളിൽ) ഗ്രാൻഡ് ഇൻ എയ്ഡായി തുക അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ലഭ്യമാക്കാമോ? സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കണം.

ചോദ്യം 9. ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിൽ ഈ അപേക്ഷ തീയതിയിൽ എത്ര അന്തേവാസികൾക്ക് സംരക്ഷണം നൽകി വരുന്നു?

അതിൽ - പുരുഷൻമാർ എത്ര?
- സ്ത്രീകൾ എത്ര?

ചോദ്യം 10. ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിൽ സാമൂഹ്യനീതി വകുപ്പ് നിർദ്ദേശപ്രകാരം വിശദവിവരങ്ങൾ അടങ്ങുന്ന ഫോട്ടോ പതിച്ച പ്രവേശന രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ?

ചോദ്യം 11. ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിൽ അന്തേവാസികൾക്ക് പ്രവേശനം നൽകി തുടങ്ങിയ കാലം മുതൽ നാളിതുവരെ എത്ര പേർക്ക് ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തിച്ചു.

അതിൽ - പുരുഷൻമാർ എത്ര?
- സ്ത്രീകൾ എത്ര?

ചോദ്യം 12. ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിലെ അന്തേവാസികൾ മരണപ്പെട്ടതിന്റെ വിവരങ്ങൾ നൽകാമോ?

ഉപചോദ്യം a. എത്ര അന്തേവാസികൾ വിവിധ ആശുപത്രി ചികിത്സയ്ക്കിടയിൽ മരിച്ചു?
b. എത്ര അന്തേവാസികൾ പ്രസ്തുതസ്ഥാപനത്തിന്റെ സംരക്ഷണത്തിലിരിക്കുമ്പോൾ മരണമടഞ്ഞു?
c. എത്ര അന്തേവാസികളുടെ മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകി?
d. എത്ര അന്തേവാസികൾ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടിട്ടുണ്ട്?
e. ബത്‌ലഹേം അഭയഭവനിലെ അന്തേവാസികൾ മരണപ്പെട്ടതുമായി കേരളത്തിലെ ഏതെങ്കിലും പോലീസ് സ്റ്റേഷനിലോ, കോടതിയിലോ കേസുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുക.

ചോദ്യം 13. സാമൂഹ്യനീതിവകുപ്പ് ധനസഹായം നൽകുന്ന വിവിധ സ്ഥാപനങ്ങൾ- 2005-ലെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ചോദ്യം 14. ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിൽ സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്താറുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ അവസാനമായി പരിശോധന നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

4799485/2020/SJD(OS)

ചോദ്യം 15. ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത ഏതെങ്കിലും ഉദ്യോഗസ്ഥൻ-വേതനം കൈപ്പറ്റി ജോലി നോക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ?

ചോദ്യം 16. ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത ഏതെങ്കിലും ഉദ്യോഗസ്ഥൻ – വോളന്റിയറായി സേവന മന:സ്ഥിതിയോടെ ജോലി നോക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുമോ?

ചോദ്യം 17. ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിൽ സൈക്കോ സോഷ്യോ പദ്ധതിയുടെ കീഴിൽ എത്ര അന്തേവാസികൾ ചികിത്സയിലുണ്ട്?

ചോദ്യം 18. പ്രസ്തുത രോഗികളുടെ ചികിത്സയ്ക്ക് നിയോഗിച്ചിട്ടുള്ള മാനസിക രോഗ വിദഗ്ധൻ ആരാണ് ?

ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിലെ ഡോക്ടർ 24 മണിക്കൂർ സേവനം നടത്തുന്നുണ്ടോ?

അദ്ദേഹത്തിന് നൽകി വരുന്ന ഹോണറേറിയം എത്ര തുക എന്ന വിവരം നൽകാമോ?

ചോദ്യം 19. സാമൂഹ്യനീതി വകുപ്പിൽ ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിന് ഗ്രാന്റ് നൽകുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിൽ കേന്ദ്രഗവൺമെന്റ്/സംസ്ഥാനസർക്കാരിനോ വ്യക്തമായ മാർഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ചോദ്യം 20. ബത്‌ലഹേം അഭയഭവൻ എന്ന സ്ഥാപനത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും റിട്ടയർ ചെയ്ത ഏതെങ്കിലും ഉദ്യോഗസ്ഥൻ – വോളന്റിയറായി ജോലി ചെയ്യുന്നതായി രേഖാമൂലം സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെയോ, സെക്രട്ടറിയേയോ, എറണാകുളം ജില്ലാ സാമൂഹ്യനീതി ഓഫീസറേയോ അറിയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുക.

വിശ്വസ്തതയോടെ,

പള്ളുരുത്തി
08.12.2020

ഷാജി.വി.ജി.